## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5841.** **02.07.2019 ൽ മറുപടിയ്ക്ക്**

### വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ലഹരി മാഫിയ നടത്തുന്ന ഇടപെടൽ തടയാൻ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികൾ നടത്താറുണ്ടോ; | (എ) യും (ബി) യും | ഉണ്ട്, 2016 ഒക്ടോബർ മാസം ആരംഭിച്ച 'വിമുക്തി' ലഹരി വർജ്ജന മിഷന്റെ ഭാഗമായി എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികൾ, തദ്ദേശ സ്വയംഭരണസ്ഥാപന തല കമ്മിറ്റികൾ, വാർഡ് തല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികൾ വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.ടി.എ., സ്കൂൾ ഡവലപ്മെന്റ് കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് വിദഗ്ദ്ധരായ ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചരണാർത്ഥം സംസ്ഥാന മൊട്ടാകെ റെയിഞ്ച് അടിസ്ഥാനത്തിൽ ഉപന്യാസരചന, ചിത്രരചന, കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പി.ടി.എ-യെയും പ്രാദേശിക ഗവൺമെന്റിനെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും കൂട്ടിയോജിപ്പിച്ച് വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**